റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

29 (694) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയെന്നും പ്രസ്തുത തസ്തികകളിൽ ദീർഘകാല അവധിമൂലമോ വർക്കിങ് അറേഞ്ച്മെന്റിന്റെ പേരിലോ ആളില്ലാത്തതുമൂലമോ ഒഴിഞ്ഞുകിടക്കുന്നവയുടെ എണ്ണം എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) എൻ.ആർ.എച്ച്.എം. മുഖേന ഇവിടെ ഇപ്പോൾ ജോലി ചെയ്യുന്നവരുടെ തസ്തിക തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയെ ഇപ്പോൾ ഏതു വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; അതനുസരിച്ച് പ്രസ്തുത ആശുപത്രിയിൽ വേണ്ട തസ്തികകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ ; ഇതിൽ എത്ര തസ്തികകളുടെ കുറവാണ് പ്രസ്തുത ആശുപത്രിയിലുള്ളത് എന്നും അവ ഏതൊക്കെ എന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത തസ്തികകൾ അനുവദിക്കാത്തതിന്റെ കാരണവും പ്രസ്തുത തസ്തിക അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നും വ്യക്തമാക്കാമോ ; ഇവ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം I).*

(ബി) സ്റ്റാഫ് നഴ്സ് - 11 ,ഫാർമസിസ്റ്റ് - 2

(സി) ഉയർത്തിയിട്ടുണ്ട്. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി; തസ്തികകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം എ ആന്റ് ബി).*

(ഡി) ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly